**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3704** **05-08-2021 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ സബ്രജിസ്ട്രാർ ഓഫീസുകൾ ഏതൊക്കെയെന്നും അവ എവിടെയാണ് പ്രവർത്തിക്കുന്നതെന്നും അറിയിക്കാമോ; | (എ) | വാമനപുരം മണ്ഡലത്തിൽ വാമനപുരം, കല്ലറ, പാലോട് എന്നീ സബ് രജിസ്ട്രാർ ഓഫീസുകളാണ് ഉള്ളത്. വാമനപുരം സബ് രജിസ്ട്രാർ ആഫീസ് വാമനപുരം ജംഗ്ഷനിൽ വാമനപുരം പഞ്ചായത്തിൽ വാർഡ് IVൽ 331-ാം നമ്പർ സർക്കാർ വക കെട്ടിടത്തിലും കല്ലറ സബ് രജിസ്ട്രാർ ആഫീസ് കല്ലറ പഞ്ചായത്ത് വക കെട്ടിടത്തിലും പാലോട് സബ് രജിസ്ട്രാർ ആഫീസ് നന്ദിയോട് ഗ്രാമപഞ്ചായത്തിൽ കുറുന്താളി വാർഡിൽ പാലോട് ബസ് സ്റ്റാന്റിന് സമീപം സർക്കാർ വക കെട്ടിടത്തിലും പ്രവർത്തിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ഓഫീസുകളുടെ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ; | (ബി) | വാമനപുരം സബ് രജിസ്ട്രാർ ഓഫീസ്- ഏകദേശം 50 വർഷത്തോളം പഴക്കമുള്ള സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിനും ചുറ്റുമതിലിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. കല്ലറ സബ് രജിസ്ട്രാർ ആഫീസ് - കല്ലറ പഞ്ചായത്തുവക കെട്ടിടത്തിൽ നിലവിൽ മതിയായ അടിസ്ഥാന സൗകര്യങ്ങളോടുകൂടി ഓഫീസ് പ്രവർത്തിച്ചുവരുന്നു. പാലോട് സബ് രജിസ്ട്രാർ ആഫീസ് - മതിയായ സൗകര്യങ്ങളോടുകൂടി ഓഫീസ് പ്രവർത്തിച്ചുവരുന്നു. |
| (സി) | മതിയായ സൗകര്യമില്ലാത്ത കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വാമനപുരം മണ്ഡലത്തിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും മതിയായ സൗകര്യമുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ